ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെയാണെങ്കിൽ അദ്ദേഹം അതു വായിച്ചുകഴിഞ്ഞതിനുശേഷം പിൻവലിക്കാൻ പറഞ്ഞാൽ മതിയായിരുന്നു. കഴിഞ്ഞ വർഷമാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിത പിൻവലിച്ചത്. ഒ. എൻ. വി. കുറുപ്പിന്റെ കവിത പിൻവലിച്ചു. തായാട്ടു ശങ്കരന്റെ കവിത പിൻവലിച്ചു. ഇപ്പോൾ ഗോദാവരി പരുലേക്കർ എഴുതിയ ''മനുഷ്യർ ഉരുളുമ്പോൾ'' എന്ന പുസ്തകം കൂടി പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പുരോഗമനപരമായ എല്ലാ വീക്ഷണങ്ങളും പാഠ്യപദ്ധതിയിൽനിന്നും എടുത്തുകളയാനുള്ള നീക്കമാണ് നടക്കുന്നത്. ഇംഗ്ലീഷ് എം. എ. ക്ലാസ്സിൽ 'ആനിമൽ ഫാം' എന്നു പറയുന്ന ഒരു പുസ്തകമുണ്ട്. തികച്ചും കമ്മ്യൂണിസ്റ്റ് വിരുദ്ധമായ ഒരു പുസ്തകമാണ്. ഈ കൃതി പിൻവലിക്കണമെന്ന് ഞങ്ങളാരും പറഞ്ഞില്ല. കമ്മ്യൂണിസ്റ്റു വിരുദ്ധമായ ആ കൃതി വിദ്യാർത്ഥികളെ പഠിപ്പിച്ചാൽ ഇവിടെ കമ്മ്യൂണിസം തകർന്നുപോകുകയില്ല. അങ്ങനെ ഏതെങ്കിലും ഒരു മതത്തെ അപഹസിക്കുന്നുവെന്ന പേരും പറഞ്ഞുകൊണ്ട് കൃതികളെ എടുത്തുമാറ്റുന്ന പ്രവണത അവസാനിപ്പിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

1985—ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. എം. വി. രാഘവൻ: സർ, സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ കാര്യത്തിൽ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കു വലിയ അഭിപ്രായ വ്യത്യാസമുണ്ടാവുകയില്ല.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, റൂൾ 94 പ്രകാരം ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഭരണകക്ഷിയുടെ ഭാഷയിൽ പറഞ്ഞാൽ, ബഹുമാനപ്പെട്ട രാഘവൻ പറയുന്നതൊക്കെ സിംഹഗർജ്ജനമാണ്. ശ്രീ. രാഘവന്റെ സിംഹഗർജ്ജനം ഒഴിവാക്കണം. ബഹുമാനപ്പെട്ട രാഘവൻ ഇവിടെ നോട്ടീസു കൊടുത്തിരിക്കുന്ന ഈ അമൻറുമെൻറു ബിൽ അതേപോലെ ഗവൺമെൻറ് അംഗീകരിച്ച് ഒരു പുതിയ ബിൽ ഇവിടെ സർക്കുലേറ്റു ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം നിയമസഭയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അതു പറഞ്ഞതാണ്. അതുകൊണ്ട് ഈ ചർച്ച പ്രസക്തമാണോ? ശ്രീ. രാഘവന്റെ സിംഹഗർജ്ജനത്തെ ഭയന്നിട്ടു പറയുന്നതല്ല. ഭരണകക്ഷികൾക്ക് ഇപ്പോൾ ശ്രീ. രാഘവൻ പറയുന്നതൊക്കെ ഒരു സിംഹ ഗർജ്ജനമാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ എം. വി. രാഘവൻ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യം ഗാന്ധിജി യൂണിവേഴ്സിറ്റി
11 a.m.] (3-ാം ഭേദഗതി) ബില്ലായി ഗവൺമെൻറ് ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ആ ബില്ല് പാസ്സായിട്ടില്ല. അത് സർക്കുലേഷനിൽ ഇരിക്കുന്നതേയുള്ളൂ. അതുകൊണ്ട് അത് ചർച്ച ചെയ്യുന്നതിന് യാതൊരു കുഴപ്പവുമില്ല; ചർച്ച ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: അദ്ദേഹം ബില്ല് അവതരിപ്പിച്ച് കഴിഞ്ഞ തവണ സംസാരിച്ചതു തുടരാമെന്ന് പറഞ്ഞതേയുള്ളൂ. ഒരു ബില്ല് മെമ്പർ അവതരിപ്പിച്ചുകഴിഞ്ഞാൽ ചട്ടം 94 പറഞ്ഞിട്ട് അതിന്റെ അടിസ്ഥാനത്തിൽ ഇത് പ്രസക്തമാണോയെന്ന് ചോദിക്കുന്നത് യഥാർത്ഥത്തിൽ ഈ റൂളുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. മാത്രമല്ല എം. വി. രാഘവന്റെ വക്കാലത്തൊന്നും ഭരണകക്ഷിക്ക് വേണ്ട.

.....(ബഹളം).....

മി. സ്പീക്കർ: ശ്രീ. ചർക്കല രാധാകൃഷ്ണന്റെ പോയിന്റ് ഓഫ് ഓർഡറിൽ യാതൊരു പ്രസക്തിയുമില്ല.

ശ്രീ. എം. വി. രാഘവൻ: സർ, നമ്മളുടെ മൃഗങ്ങളുടെ കൂട്ടത്തിൽ രണ്ടു മൃഗങ്ങളുണ്ട്. ഒന്ന് സിംഹം, വേറൊന്ന് പട്ടി, വേറൊന്ന് പേപ്പട്ടി. പട്ടിക്ക് പേ ഇളകുമല്ലോ ആ മട്ടിൽ ചില ബഹുമാനപ്പെട്ട മെമ്പർമാർ കളിക്കാൻ തുടങ്ങിയാൽ വലിയ കഷ്ടമാണ്. ഞാൻ ഒരു ബില്ല് അവതരിപ്പിക്കുമ്പോഴ ഇല്ലാത്ത റൂൾ അനുസരിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ട വല്ല ആവശ്യവുമുണ്ടോ? സിംഹവും പട്ടിയും ഒന്നാണ്. കാരണം രണ്ടും മൃഗങ്ങളുടെ കൂട്ടത്തിലാണ്. ഞാൻ സിംഹമാണെങ്കിൽ വേറൊരാളെ പട്ടിയാണ്. ആ പട്ടിക്ക് പേ ഇളകിയാൽ പിന്നെ പറയാനുണ്ടോ? അതല്ലേ ഈ സഭയിൽ നടക്കുന്നത്?

മി. സ്പീക്കർ: ശ്രീ. രാഘവൻ നമ്മളെ ഇപ്പോൾ മൃഗസംരക്ഷണ വകുപ്പിനെപ്പറ്റിയല്ല ചർച്ച ചെയ്യുന്നത്. നമ്മൾ ചർച്ച ചെയ്യുന്നത് 1985-ലെ കേരള സർവ്വകലാശാലാ നിയമത്തെപ്പറ്റിയാണ്.

ശ്രീ. എം. വി. രാഘവൻ: ഇവിടത്തെ പോയിന്റ് ഓഫ് ഓർഡർ മൃഗത്തെപ്പറ്റിയാണ്. ആ മൃഗങ്ങളുടെ കൂട്ടത്തിൽ രണ്ടു മൃഗങ്ങളെപ്പറ്റി മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അദ്ദേഹം ഒരു മൃഗത്തെപ്പറ്റി പറഞ്ഞു.

ശ്രീ. ടി. എസ്. ജോൺ: സർവ്വകലാശാലയിൽ മൃഗങ്ങളെപ്പറ്റി പഠിപ്പിക്കുന്നുണ്ടോ?

ശ്രീ. എം. വി. രാഘവൻ: ഇല്ല. പക്ഷേ ഇമ്മാതിരി മൃഗങ്ങളെപ്പറ്റി പഠിപ്പിച്ചിട്ടുണ്ടാകും. ഞാൻ എന്താണ് പറയേണ്ടത്?

ശ്രീ. ഒ. ഭരതൻ: രാവിലെ സബ്മിഷനിലൂടെ അദ്ദേഹം ഇത് പറയുകയുണ്ടായി.

ശ്രീ. എം. വി. രാഘവൻ: അദ്ദേഹത്തെപ്പോലെ മാന്യത കുറഞ്ഞ പണിക്ക് നിൽക്കാത്തതുകൊണ്ട് ഞാൻ ഇപ്പോൾ അതിന് തുനിയുന്നില്ല.

ശ്രീ. എം. എം. ഹസ്സൻ: സർവ്വകലാശാലാ നിയമത്തെക്കുറിച്ചാണല്ലോ സംസാരിക്കുന്നത്. ഈ സർവ്വകലാശാലാ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ എ. ഐ. എസ്. എഫിന്റെ സെക്രട്ടറിയുടെ ഒരു പ്രസ്താവനയുണ്ടായിരുന്നു. മാർക്സിസ്റ്റുകാരുടെകൂടെ ഒരു കാലത്തും കൂടാൻ കൊള്ളുകയില്ലെന്നും കൂടിയാൽ കാലുവാരുന്നവരാ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞന്നും കുത്തികാൽവെട്ടികളാണ് മാർക്സിസ്റ്റുകാരെന്നും. സർവ്വകലാശാലാ വിദ്യാർത്ഥികളുടെ ഇലക്ഷനെ സംബന്ധിച്ച് പറഞ്ഞ ഒരു പ്രസ്താവന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ഇത്തരം ചോദ്യങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. എം. വി. രാഘവൻ: കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ ആരൊക്കെ തോറ്റു, ആരൊക്കെ ജയിച്ചുവെന്ന് ഇവിടെ വന്നു വിശദീകരിച്ചിട്ട് വല്ല കാര്യവുമുണ്ടോ?

ശ്രീ. കാനം രാജേന്ദ്രൻ: അദ്ദേഹം കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞു. ഒരേ വിദ്യാർത്ഥിസംഘടനയിൽത്തന്നെ നിൽക്കുകയും സംസ്ഥാനകമ്മിറ്റി പ്രസിഡന്റും ഒരു വിഭാഗം ആളുകളും കൂടി മറ്റുള്ള ആളുകളെ കുത്തി ഇൻറൻസീവ് കെയർ യൂണിറ്റിൽ ആക്കുകയും ചെയ്ത സംഭവം രാജ്യത്ത് നടന്നത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. രാഘവൻ: ഇത് രണ്ടും നടന്നതാണ്. എസ്. എഫ്. ഐ. കാരും, എ. ഐ. വൈ. എഫ്. ഉം ഞങ്ങളെ പറഞ്ഞു പിന്നിൽനിന്ന് കുത്തിയെന്നുള്ള സ്റ്റേറ്റ്മെന്റും ശരിയാണ്. ഇവർ തമ്മിൽ കുത്തി മരിക്കാൻ പുറപ്പെട്ടുവെന്നുള്ളതും ശരിയാണ്. ഇത് രണ്ടും ശരിയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ശ്രീ. രാഘവന്റെ സമയം കഴിഞ്ഞു.

(iii) പ്രമേയങ്ങൾ

(1) കയർ വ്യവസായമേഖലയിലെ പ്രശ്നങ്ങൾ

* ശ്രീ. വി. കെ. രാജൻ: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. "തൊണ്ടു നിയന്ത്രണം എടുത്ത് കളഞ്ഞ് ലെവി സമ്പ്രദായം എർപ്പെടുത്തിയതുമൂലം സംസ്ഥാനത്തെ കയർ വ്യവസായമാകെ സ്തംഭനത്തിലാണെന്നും കയർ വ്യവസായ പുനഃസംഘടനാ പദ്ധതിയുടെ ഭാവിതന്നെ അപകടത്തിലാണെന്നും തൊണ്ടു ലഭിക്കാത്തതുകൊണ്ടും സ്റ്റോക്കുള്ള കയർ വിറഴിക്കാനാവാതെ കെട്ടിക്കിടക്കുന്നതുമൂലവും കയർ സഹകരണ സംഘങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണെന്നും ലക്ഷക്കണക്കിന് കയർ തൊഴിലാളികൾക്ക് തൊഴിലുമില്ല, കൂലിയുമില്ല എന്ന സ്ഥിതിയുളവായിരിക്കുന്നുവെന്നും ഈ ദുരവസ്ഥക്ക് അടിയന്തിര പരിഹാരമുണ്ടാക്കുന്നതിന് തൊണ്ടിന്റെ കുത്തകസംഭരണം എർപ്പെടുത്തണമെന്നും കയർ മാർക്കറ്റിംഗ് ഫെഡറേഷനു കയർ വാങ്ങി സംഭരിക്കുന്നതിന് പത്തു കോടി രൂപയെങ്കിലും സഹായധനം ലഭ്യമാക്കണമെന്നും, ഈ സഭ സംസ്ഥാന ഗവൺമെന്റിനോടാവശ്യപ്പെടുന്നു."

കേരളത്തിലെ ഏറ്റവും വലിയ ഒരു പരമ്പരാഗത വ്യവസായത്തിലെ ദുഃസ്ഥിതിയെ സൂചിപ്പിക്കുന്ന ഒരു പ്രമേയമാണിത്.

LIBRARY ARCHIVES Kerala Legislative Assembly